**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2238** — **12-12-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് കമാന്റോ സേനാംഗങ്ങളുടെ ഗ്രേഹൗണ്ട് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് കമാന്റോ സേനാംഗങ്ങളിൽ നാളിതുവരെ ഗ്രേഹൗണ്ട് കോഴ്സ് ചെയ്യാതെ മാവോയിസ്റ്റ് അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ വാങ്ങിക്കുന്ന എത്ര പേർ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിൽ ജോലി ചെയ്യുന്ന കമാന്റോ ഉൾപ്പടെയുള്ള എല്ലാ സേനാംഗങ്ങൾക്കും 13.10.2014 തീയതിയിലെ ജി.ഒ.(എം.എസ്) നം.198/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ അലവൻസിന് അർഹതയുണ്ട്. |
| (ബി) | ഓഫീസർമാരുടെ അറിവോടെയാണോ പ്രസ്തുത കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ മാവോയിസ്റ്റ് അലവൻസ് വാങ്ങിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഗ്രേഹൗണ്ട് കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ ഡ്യൂട്ടി ചെയ്യാറുണ്ടോ; എങ്കിൽ ആരുടെ ഉത്തരവ് പ്രകാരമാണ് കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ ഡ്യൂട്ടി ചെയുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിൽ ജോലി ചെയ്യുന്ന കമാന്റോ ഉൾപ്പടെയുള്ള എല്ലാ സേനാംഗങ്ങൾക്കും 13.10.2014 തീയതിയിലെ ജി.ഒ.(എം.എസ്) നം.198/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ അലവൻസിന് അർഹതയുണ്ട്. |
| (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സേനാംഗമായ സുനീഷിന് പാലക്കാട് വച്ച് കോഴ്സിനിടയിൽ 14.9.2021-ന് ശാരീരിക അസ്വസ്ഥത ഉണ്ടെന്ന് ബോധിപ്പിച്ചിട്ടും ചാർജിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ നിർബന്ധപൂർവം സുനീഷിനെ 15.9.2021-ൽ ട്രെയിനിംഗ് എടുപ്പിക്കുകയും ടിയാൻ കുഴഞ്ഞ് വീണ് മരണപ്പെടുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശാരീരിക അസ്വസ്ഥത അറിയിച്ചിട്ടും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയോ പിറ്റേ ദിവസത്തെ ട്രെയിനിംഗിൽ നിന്നും മാറ്റി നിർത്തുകയോ ചെയ്യാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | (സി) | കമാന്റോ 7166 സുനീഷ് കെ.കെ. യുടെ മരണത്തിൽ അരീക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 530/2021 u/s 174 CrPC പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും മരണത്തിൽ അസ്വാഭാവികത പോലീസ് കണ്ടെത്തിയിട്ടില്ലാത്തതുമാണ്. ബഹു. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി, പെരിന്തൽമണ്ണ മുമ്പാകെ അന്വേഷണ ഉദ്യോഗസ്ഥൻ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | സുനീഷിനെ ട്രെയിനിംഗിൽ നിന്നും എന്തുകൊണ്ട് മാറ്റിനിർത്തിയില്ല എന്നും വൈദ്യപരിശോധനയ്ക്ക് എന്തുകൊണ്ട് വിധേയമാക്കിയില്ല എന്നും വകുപ്പ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ എന്ത് നിയമ നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കമാന്റോ 7166 സുനീഷ് കെ.കെ. യുടെ മരണത്തിൽ അരീക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 530/2021 u/s 174 CrPC പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും മരണത്തിൽ അസ്വാഭാവികത പോലീസ് കണ്ടെത്തിയിട്ടില്ലാത്തതുമാണ്. ബഹു. |

| | | | |
|---|---|---|---|
| | | | സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി, പെരിന്തൽമണ്ണ മുമ്പാകെ അന്വേഷണ ഉദ്യോഗസ്ഥൻ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ